ശുദ്ധജല പദ്ധതി എന്നിവയ്ക്ക് 21-11-2002-ൽ ഭരണാനുമതി നൽകി. അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് സാങ്കേതിക അനുമതി കൊടുത്തിട്ടില്ല എന്നാണ്. 9 സ്കീമുകളിൽ നാരയക്കാണി, അടുക്കാട് പദ്ധതിയൊഴികെ ബാക്കി എല്ലാ പദ്ധതികൾക്കും ടെക്നിക്കൽ സാങ്ഷൻ കൊടുത്തിട്ടുണ്ട്. അതിനകത്ത് ഇനി എം.എൽ.എ. ചെയ്യേണ്ട സംഗതി ഉണ്ട്. ഇതിൽ പല സ്കീമുകളും പ്രവർത്തനം നടത്തി മുന്നോട്ടു പോകണമെങ്കിൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഇവയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കണം. സ്ഥലം ലഭ്യമാക്കിയാൽ സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിച്ച് കൊടുക്കാം.

(5) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മിഷൻ ചെയ്യേണ്ടതിന്റെ ആവശ്യകത

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, അങ്ങേക്ക് അറിവുള്ളതാണ്. 1962-ൽ ശ്രീ.എസ്.കെ. പട്ടേൽ കേന്ദ്ര മന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതാണ് വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ പണി. അതിന്റെ 1-ാം ഘട്ട പണി പല കാരണങ്ങളാൽ വൈകി. 2-ഉം, 3-ഉം ഘട്ട പണിക്ക് 50 ശതമാനം കേന്ദ്ര സഹായ പദ്ധതിയായി 1987-ൽ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ണ് മാന്തൽ, പ്രധാന പുലിമുട്ട്, 100 മീറ്റർ നീളം കൂട്ടൽ, ഉപപുലിമുട്ട്, റോഡുകൾ, വാർഫ്, ലേലപ്പുര, ജലവിതരണം, റിപ്പെയർ സൗകര്യങ്ങൾ, വൈദ്യുതീകരണം മുതലായവയാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഇതിന് താഴെപ്പറയുന്ന പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന പുലിമുട്ടിന് നീളം കൂട്ടൽ, ഉപപുലിമുട്ട്, വാർഫ്, ലേലപ്പുര, ഗിയർഷെഡ്, മണ്ണ് മാന്തലാണെങ്കിൽ ഭാഗികമായി പൂർത്തിയാക്കി. ഇനി കുറച്ച് പണികൾ പൂർത്തിയാക്കാനുണ്ട്. ഇലക്ട്രിസിറ്റി, വാട്ടർസ്പ്ലൈ, പാർക്കിംഗ് ഏരിയ, മണ്ണ് മാന്തലിന്റെ ബാക്കി പണികൾ, ഇന്റേണൽ റൂട്ട് ഇവയെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാനുണ്ട്. പക്ഷേ ഈ വർഷത്തെ ബഡ്ജറ്റിൽ കേവലം 10 ലക്ഷം രൂപയാണ് ഇതിന് വകകൊള്ളിച്ചിരിക്കുന്നത്. അത് ഒന്നിനും തികയുകയില്ല. അതുകൊണ്ട് ആവശ്യമായ തുക അലോട്ട് ചെയ്യണം. അതോടൊപ്പം തന്നെ ഇതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരിട്ട് താൽപര്യമെടുത്ത് പരിഹാരം കണ്ടെത്തണം. 2001-ലെ എന്റെ ഒരു കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു കോൺഫറൻസ് വിളിച്ചിരുന്നു. അദ്ദേഹത്തിന് അന്ന് ഡൽഹിയിൽ നിന്നും എത്താൻ കഴിഞ്ഞില്ല. ആ കോൺഫറൻസിൽ വ്യക്തമായ ചില തീരുമാനങ്ങൾ എടുത്തു. പക്ഷേ ഒന്നും നടന്നില്ല. അതുകൊണ്ട് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രശ്നങ്ങൾ സോർട്ട് ഔട്ട് ചെയ്യുന്നതിനും ആവശ്യമായ ബഡ്ജറ്റ് അലോട്ടുമെന്റ് നടത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, മുൻകൂട്ടി പ്ലാനും പദ്ധതിയുമില്ലാതെ തുടങ്ങിയാൽ ഉണ്ടാകാവുന്ന കാലതാമസത്തിൽപ്പെട്ട ഒരു പ്രോജക്ടാണ് ഇത്. 41 വർഷം ഈ പ്രോജക്ടിന് എടുത്തിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കേണ്ട പ്രോജക്ടാണ്. സംസ്ഥാന ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം വിവിധ പ്രോജക്ടുകളിലായി ഇതിനുള്ള സാമ്പത്തികമാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്. അവിടെ ഒരുപാട് കോടതി

LIBRARY ARCHIVES Kerala Legislative Assembly

വ്യവഹാരങ്ങളുണ്ട്. അടിക്കടിയുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ, ഇതെല്ലാം പരിഹരിച്ചാലേ പോകാൻ കഴിയൂ. ഈ ഗവണ്മെന്റ് വന്നതിനുശേഷം 8 പ്രാവശ്യം ഞാൻ തന്നെ നേരിട്ട് യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇപ്പോൾ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും ജില്ലാ കളക്ടറേയും ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു കമ്മിറ്റി മിക്കവാറും എല്ലാ മാസവും രണ്ട് പ്രാവശ്യം കൂടുന്നുണ്ട്. വീണ്ടും ഒരു യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയും. സാമ്പത്തികമല്ല പ്രശ്നം. അവിടെയുള്ള സാമൂഹ്യ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ നമുക്ക് കഴിയും. സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞാൽ നമുക്ക് വളരെ വേഗം ഈ പ്രോജക്ട് പൂർത്തീകരിക്കാൻ കഴിയും.

(6) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വളരെ പ്രധാന്യമുള്ള ഒരു വിഷയമാണ്. കഴിഞ്ഞ ജനുവരി 16-ന് സർക്കാർ ഒരു ഉത്തരവിലൂടെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ആനുകൂല്യങ്ങളും മറ്റും വെട്ടിക്കുറച്ചതിനെത്തുടർന്നുണ്ടായ വമ്പിച്ച സമരം. ആ സമരകാലത്ത് തിരുവനന്തപുരത്തെ യുത്ത് കോൺഗ്രസ് എന്റെ നേതൃത്വത്തിൽ പ്രവർത്തകർ പ്രകടനം നടത്തുകയും ഞാൻ കൊല്ലത്ത് പന്തൽ കെട്ടി സത്യാഗ്രഹം ഇരിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ദിവസം നമ്മുടെ മുഖ്യമന്ത്രി സഭയിൽ നടത്തിയ വെളിപ്പെടുത്തൽ എനിക്ക് മനസ്സാക്ഷിക്കുത്തുണ്ടായി. മുഖ്യമന്ത്രി പറഞ്ഞത് പോയ വർഷം ആയിരം കോടി രൂപ അധികം സെയിൽസ് ടാക്സ് പിരിവ് നമുക്ക് വർദ്ധിച്ചു എന്നാണ്. നമ്മൾ മന്ത്രിമാരും എം.എൽ.എ. മാരുമല്ല അത് പിരിച്ചെടുക്കുന്നത്. അത് ഇവിടത്തെ ജീവനക്കാർ തന്നെയാണ് പിരിച്ചെടുത്ത് ഖജനാവിൽ എത്തിക്കുന്നത്. വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ കുറെ പുനഃസ്ഥാപിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. അതോടൊപ്പം തന്നെ ഇനിയും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതനുസരിച്ച് ബാക്കി ആനുകൂല്യങ്ങൾ കൂടി നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ കേരളം കടക്കെണിയിലായിരുന്നു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് പല തരത്തിലുള്ള നടപടികൾ എടുത്തതിന്റെ ഭാഗമായി വളരെ പ്രയാസത്തോടുകൂടിയാണെങ്കിലും ജീവനക്കാരുടെ കുറെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിരുന്നു. പക്ഷേ സാമ്പത്തികനില മെച്ചപ്പെട്ട സാഹചര്യത്തിൽ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ കുറെ ഗവണ്മെന്റ് വീണ്ടും പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇനിയും ജീവനക്കാരും കൂടി സഹകരിച്ച് സർക്കാരിന്റെ സാമ്പത്തികനില കൂടുതൽ മെച്ചപ്പെടുകയാണെങ്കിൽ ഒരു വർഷം കഴിഞ്ഞ് വീണ്ടും സ്ഥിതിഗതികൾ പരിശോധിച്ച്, അന്ന് ഇന്നത്തെക്കാൾ സ്ഥിതി മെച്ചപ്പെടുകയാണെങ്കിൽ ഇനിയും കൂടുതൽ ആനുകൂല്യം കൊടുക്കുന്ന കാര്യം ഗവണ്മെന്റ് അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly